# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **2783**

18/08/2017-ൽ മറുപടിയ്ക്ക്

## <u>ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാരുടെ വേതനം</u>

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം:

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസ വേതനവും പരമാവധി മാസ വേതനവും എത്രയാണെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ നിയമിതരായി ദിവസവേതനമോ മാസവേതനമോ ലഭിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർമാർ ആരും തന്നെ സേവനമനുഷ്ഠിക്കുന്നില്ല. മണിക്കൂർ നിരക്കിൽ വേതനം നല്കുന്ന ഗസ്റ്റ് അദ്ധ്യാപകരെയാണ് ടി കോളേജുകളിൽ നിയമിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന വേതനം ലഭ്യമാകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നവരുടെ പരിഷ്കരിച്ച ശമ്പളം മണിക്കൂർ നിരക്കിൽ വേതനം ലഭിക്കുന്നവർക്ക് നൽകാൻ സാധിക്കില്ല. 08.03.2017 തീയതിയിലെ ജി.ഒ(പി) 32/17/ധന നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ദിവസവേതന നിരക്ക് ഫുൾടൈം ജോലി ചെയ്യുന്നവർക്കാണ് ബാധകമാക്കിയിട്ടുള്ളതെന്നതിനാൽ ഫുൾടൈം ജോലി ചെയ്യുന്നവരുടെ ജോലി ഭാരവുമായി താരതമ്യം ചെയ്ത് ജോലി സമയം കുറവുള്ള ഗസ്റ്റ് അദ്ധ്യാപകർക്ക് അതിന് ആനുപാതികമായി വേതനം നല്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**